# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം**
പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2020 ഒക്ടോബർ10

# വാർത്താക്കുറിപ്പ്

## എം.ജി.യിൽപുതിയനാല്നൈപുണ്യവികസനസർട്ടിഫിക്കറ്റ് ഡിപ്ലോമപ്രോഗ്രാമുകൾ; അപേക്ഷഒക്ടോബർ 18 വരെ

യു.ജി.സി. ദേശീയനൈപുണ്യയോഗ്യതഫ്രെയിംവർക്ക്പദ്ധതിപ്രകാരംമഹാത്മാഗാന്ധിസർവകലാശാലഡയറക്ടറേറ്റ്ഫോർഅപ്ലൈഡ്ഷോർട്ട്ടേംപ്രോഗ്രാംസ്പുതുതായിആരംഭിക്കുന്നനൈപുണ്യവികസനസർട്ടിഫിക്കറ്റ്, ഡിപ്ലോമപ്രോഗ്രാമുകളിലേക്ക്ഓൺലൈനായിഅപേക്ഷിക്കാം. ആറുമാസത്തെസർട്ടിഫിക്കറ്റ്ഇൻഡിജിറ്റൽമാർക്കറ്റിംഗ്, ഒരുവർഷത്തെബേക്കറിആന്റ്കോൺഫെക്ഷണറിഡിപ്ലോമ, ഡേറ്റആന്റ്ബിസിനസ്അനലെറ്റിക്സ്, ഫുഡ്പ്രോസസിംഗ്ആന്റ്ക്വാളിറ്റിഅഷ്വറൻസ്പി.ജി. ഡിപ്ലോമഎന്നീപ്രോഗ്രാമുകളിലേക്കാണ്അപേക്ഷക്ഷണിച്ചിരിക്കുന്നത്. www.dasp.mgu.ac.in എന്നവെബ്സൈറ്റിലൂടെഒക്ടോബർ 18 വരെഓൺലൈനായിഅപേക്ഷിക്കാം.

സർട്ടിഫിക്കറ്റ്ഇൻഡിജിറ്റൽമാർക്കറ്റിംഗിനുംഡിപ്ലോമഇൻബേക്കറിആന്റ്കോൺഫെക്ഷണറിക്കും പ്ലസ്ടുവാണ്യോഗ്യത. യഥാക്രമം 45, 30 സീറ്റാണുള്ളത്. പി.ജി. ഡിപ്ലോമഇൻഡേറ്റആന്റ്ബിസിനസ്അനലെറ്റിക്സിന്സ്റ്റാറ്റിസ്റ്റിക്സ്, മാത്തമാറ്റിക്സ്, മാനേജ്മെന്റ്, ഇക്കണോമിക്സ്, കൊമേഴ്സ്, എൻജിനീയറിംഗ്, കമ്പ്യൂട്ടർസയൻസ്, ഐ.ടി., അനുബന്ധവിഷയങ്ങളിൽബിരുദമാണ്യോഗ്യത. മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്എന്നിവപ്ലസ്ടുതലത്തിലോബിരുദതലത്തിലോപഠിച്ചിരിക്കണം. 45 സീറ്റാണുള്ളത്.

പി.ജി. ഡിപ്ലോമഇൻഫുഡ്പ്രോസസിംഗ്ആന്റ്ക്വാളിറ്റിഅഷ്വറൻസിന്ഫുഡ്സയൻസ്ആന്റ്ന്യൂട്രിഷൻ, ഫുഡ്സയൻസ്ആന്റ്ടെക്നോളജി, ബയോടെക്നോളജി, ബയോകെമിസ്ട്രി, മൈക്രോബയോളജി, കെമിസ്ട്രിഎന്നിവയിലുള്ളബി.എസ്സി., ബി.വോക്, എം.എസ്സി. അല്ലെങ്കിൽഫുഡ്ടെക്നോളജി, ബയോടെക്നോളജി, ലൈഫ്സയൻസിൽ 50 ശതമാനംമാർക്കോടെബി.ടെക്, എം.ടെക്ജയമാണ്യോഗ്യത. 30 സീറ്റാണുള്ളത്. വിശദവിവരംവെബ്സൈറ്റിൽലഭിക്കും. ഫോൺ: 0481-2731066.

(പി.ആർ.ഒ/39/983/2020)

## ആറാം സെമസ്റ്റർ യു.ജി. പരീക്ഷ; വിവരങ്ങൾ വെബ്സൈറ്റിൽ

ഒക്ടോബർ 12 തിങ്കളാഴ്ച മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്. യു.ജി. സ്പെഷൽ പരീക്ഷകൾക്ക് അപേക്ഷിച്ച അർഹരായ വിദ്യാർഥികളുടെ റജിസ്റ്റർ നമ്പർ, പരീക്ഷാ

കേന്ദ്രം, വിഷയം, തീയതി എന്നിവയടങ്ങുന്ന പട്ടിക സർവകലാശാലാ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ടികയിൽ ഉൾപ്പെട്ടവർ പരീക്ഷയ്ക്ക് ഹാജരാകണം.

(പി.ആർ.ഒ/39/984/2020)

## എം.ജി. സ്റ്റുഡൻ്റ്സ് അമിനിറ്റി കം ഇൻക്യുബേഷൻ സെൻ്ററിൻ്റെ ഉദ്ഘാടനം ഒക്ടോബർ 27 ലേക്ക് മാറ്റി

ഒക്ടോബർ 12 ന് മുഖ്യമന്ത്രി നിർവഹിക്കാനിരുന്ന മഹാത്മാഗാന്ധി സർവകലാശാല സ്റ്റുഡൻ്റ്സ് അമിനിറ്റി കം ഇൻക്യുബേഷൻ സെൻ്ററിൻ്റെ ഉദ്ഘാടനം ഒക്ടോബർ 27 ലേക്ക് മാറ്റിവച്ചു. 27 ന് ഉച്ചകഴിഞ്ഞ് 3.30നാണ് ഉദ്ഘാടനം.

(പി.ആർ.ഒ/39/985/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ